Mathrubhumi മാതൃഭൂമി

News

# മലബാർ സിമന്റ്സ് അഴിമതി: വിജിലൻസ് കേസെടുത്തു

മലബാർ സിമന്റ്സിലെ ഇപ്പോഴത്തെ എം.ഡി. കെ. പത്മകുമാർ, ഡെപ്യൂട്ടി മാർക്കറ്റിങ് മാനേജർ ജി. വേണുഗോപാൽ, ആർക്ക് വുഡ് ആൻഡ് മെറ്റൽ എം.ഡി. വി.എം. രാധാകൃഷ്ണൻ,മലബാർ സിമന്റ്സ് ലീഗൽ ഓഫീസർ പ്രകാശ് ജോസഫ്, മുൻ എം.ഡി. എം. സുന്ദരമൂർത്തി, ആർക്ക് വുഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. വടിവേലു എന്നിവരെ പ്രതി ചേർത്താണ് കേസ്.

Published: Jul 9, 2016, 04:55 PM IST

T- T T+



പാലക്കാട്: മലബാർ സിമന്റ്സ് അഴിമതിക്കേസിൽ സർക്കാരിനേയും വിജിലൻസിനേയും ഹൈക്കോടതി രൂക്ഷമായി വിമർശിച്ച പശ്ചാത്തലത്തിൽ വിജിലൻസ് രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തു.

ഫ്‌ളൈ ആഷ് ഇറക്കുമതിയുമായി ബന്ധപ്പെട്ടും ബാങ്ക് ഗ്യാരന്റി നൽകിയതിലുള്ള ക്രമക്കേടുകൾ സംബന്ധിച്ചുമാണ് കേസുകൾ

മലബാർ സിമന്റ്സിലെ ഇപ്പോഴത്തെ എം.ഡി. കെ. പത്മകുമാർ, ഡെപ്യൂട്ടി മാർക്കറ്റിങ് മാനേജർ ജി. വേണുഗോപാൽ, ആർക്ക് വുഡ് ആൻഡ് മെറ്റൽ എം.ഡി. വി.എം. രാധാകൃഷ്ണൻ,മലബാർ സിമന്റ്സ് ലീഗൽ ഓഫീസർ പ്രകാശ് ജോസഫ്, മുൻ എം.ഡി. എം. സുന്ദരമൂർത്തി, ആർക്ക് വുഡ് മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ എസ്. വടിവേലു എന്നിവരെ പ്രതി ചേർത്താണ് കേസ്. പാലക്കാട് യൂണിറ്റാണ് കേസ് രജിസ്റ്റർ ചെയ്തത്.

ഇടപാടുകളിൽ ഇളവ് നൽകിയും മറ്റും 2.7 കോടി രൂപയുടെ ക്രമക്കേട് നടന്നെന്നാണ് ത്വരിതാന്വേഷണ റിപ്പോർട്ട്.

2015-ലായിരുന്നു ത്വരിതാന്വേഷണം. മലബാർ സിമന്റ്സ് കേസിൽ വിജിലൻസ് ഡയറക്ടറും അഡീഷണൽ ചീഫ് സെക്രട്ടറിയും പ്രതികൾക്കു മുന്നിൽ കുമ്പിടുകയാണെന്ന് ഹൈക്കോടതി ചോദിച്ചിരുന്നു സർക്കാറിന്റെ നിർദേശപ്രകാരമാണോ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദേശമെന്ന് വ്യക്തമല്ല. എന്നാൽ, അവരുടെ പ്രവൃത്തികൾ വിലയിരുത്തുമ്പോൾ സംഭവത്തിൽ സർക്കാറിലെ ഉന്നതരുടെ ഇടപെടൽ ഉണ്ടോ എന്ന് സംശയിക്കണമെന്ന് ജസ്റ്റിസ് ബി. കെമാൽ പാഷ അഭിപ്രായപ്പെട്ടിരുന്നു.

ജോയ് കൈതാരം സമർപ്പിച്ച പുന:പരിശോധനാ ഹർജി അംഗീകരിച്ചുകൊണ്ടാണ് ജസ്റ്റിസ് കെമാൽപാഷ ഒരാഴ്ചകയ്ക്കകം കേസെടുക്കണമെന്ന് ഉത്തരവിട്ടത്. ഒരാഴ്ചയ്ക്കകം കേസെടുത്തില്ലെങ്കിൽ വിജിലൻസ് ഡയറക്ടർ കോടതിയിൽ നേരിട്ടെത്തണമെന്നും നിർദേശിച്ചിരുന്നു. ലളിതകുമാരി കേസിലെ നിർദേശം പാലിക്കാത്തതിന്റെ നിയമവശം വിശദീകരിക്കണമെന്നും കോടതി ആവശ്യപ്പെട്ടു. ഗൗരവമുള്ള കുറ്റം കണ്ടാൽ പ്രഥമ വിവര റിപ്പോർട്ട് രജിസ്റ്റർ ചെയ്യാൻ അനുമതിക്ക് കാക്കേണ്ടതില്ലെന്നാണ് ലളിതകുമാരി കേസിൽ സുപ്രീം കോടതിയുടെ ഉത്തരവ്. സുപ്രീം കോടതിയുടെ നിർദേശം വിജിലൻസ് ഡയറക്ടർ ലംഘിച്ചതിന്റെ ഉദാഹരണമാണ് ഈ കേസ്.

Like 18 Share

പരസ്യം Google അടച്ചു
ഈ പരസ്യം കാണുന്നത് നിർത്തുക Google ന്റെ പരസ്യങ്ങൾ